LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം ജില്ലയിൽ വൈക്കം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വഴി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, ചട്ടങ്ങൾ എന്നിവ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം ലഭ്യമാകുന്ന പദ്ധതികൾക്ക് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഭരണാനുമതി നൽകി വരുന്നു.

അനധികൃത പാറ ഖനനം

120(4751) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി കയ്യേറി പാറ ഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസി സങ്കേതങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽപ്പോലും ഭൂമി കയ്യേറിയുള്ള അനധികൃത ഖനനം നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ;

(സി) മുക്കുന്നിമലയിൽ ഇത്തരത്തിലുള്ള എത്ര കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സർക്കാർ ഭൂമി കയ്യേറിയുള്ള ഇത്തരം ക്വാറികളുടെ പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ടെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ സർക്കാർ ഭൂമി കൈയ്യേറി പാറഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം കേസുകളിൽ പരിശോധന നടത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(സി) മൂക്കുന്നിമലയിൽ ആദിവാസി സങ്കേതങ്ങൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലത്ത് സർക്കാർ പാറയിൽ അനധികൃത കൈയ്യേറ്റം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഉണ്ട്. മൂക്കുന്നിമലയിലെ നിയമാനുസൃതമല്ലാത്ത ക്വാറികൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര പുനരധിവാസ നിയമം

121(4752) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്ര പുനരധിവാസ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ നിയമം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത: വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളേയും വിദഗ്ധ സമിതികളേയും നിയോഗിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ഡി) ഇതിനോടനുബന്ധിച്ചിട്ടുള്ള നിയമങ്ങളും മറ്റും രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly